പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3794 — 25.06.2013-ൽ മറുപടിക്ക് ഉണ്ടായിരുന്നത്

## നികുതി വെട്ടിപ്പ് തടയുന്നതിനായി നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. ഹംസ | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | നികുതി വെട്ടിപ്പ് തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; നികുതിവെട്ടിപ്പ് സംബന്ധിച്ച 01-07-2011 മുതൽ 31-03-2013 വരെ എത്ര കേസുകൾ കണ്ടെത്തി; അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ജില്ലാതലത്തിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ചരക്കു വാഹനങ്ങളിൽ കൊണ്ടുവരുന്ന സാധനങ്ങളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ചെക്ക്പോസ്റ്റിന് സമീപത്തുള്ള സമാന്തര വീഥികളിലൂടെയുള്ള അനധികൃത ചരക്കുനീക്കം തടയുന്നതിനും ഇന്റലിജൻസ് സ്ക്വാഡിനെ വിന്യസിച്ചിട്ടുണ്ട്. ഇതിനുപുറമേ പുറത്തു നിന്നും വരുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ ഓൺ ലൈനായി സ്വീകരിച്ച് cross verify ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇറക്കുമതി ചെയ്യുന്ന സാധനങ്ങളിലെ നികുതി വെട്ടിപ്പ് തടയുന്നതിനായി കസ്റ്റംസ് ഡിപ്പാർട്ട്മെന്റിൽ നിന്നും വിവരങ്ങൾ സ്വീകരിച്ച് cross verify ചെയ്യുന്ന സംവിധാനം ഊർജ്ജിതപ്പെടുത്തു ന്നതിനായി Tax monitoring cell meeting -ൽ ഇത്തരം വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ക്ഷണിക്കുകയും മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അവലോകനം നടത്തുകയും തുടർനടപടിക്കായി സ്ഥിരം സംവിധാനം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി വെട്ടിപ്പ് നടത്തുന്നതായി പ്രഥമദൃഷ്ട്യാ വിവരങ്ങൾ ലഭ്യമായ വ്യാപാരസ്ഥാപനങ്ങളിൽ കട പരിശോധന നടത്തി കർശന നടപടി |

| | | | |
|---|---|---|---|
| | | | എടുക്കുന്ന സംവിധാനവുമുണ്ട്. അന്തർ സംസ്ഥാന വ്യാപാരങ്ങളുടെ വിവരങ്ങൾ IB Wing ശേഖരിച്ച് വ്യാപാരികൾ ഫയൽ ചെയ്യു റിട്ടേണുമായി cross check ചെയ്ത് അവയുടെ നിജസ്ഥിതി ഉറപ്പുവരുത്താറുണ്ട്. ചെക്ക്പോസ്റ്റിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഇന്റലിജൻസ് വിംഗ് കാലാകാലങ്ങളിൽ overtake ചെയ്യാറുണ്ട്. നികുതി വെട്ടിപ്പ് സംശയിക്കുന്ന കേസുകളിൽ ഓഡിറ്റ് വിസിറ്റ് നടത്തുന്ന സംവിധാനവും നിലവിലുണ്ട്. മേൽ പറഞ്ഞ വിവിധ നടപടികളിലൂടെ നികുതി വെട്ടിപ്പ് ഫലപ്രദമായി തടയാൻ കഴിഞ്ഞിട്ടുണ്ട്.<br>കേസുകൾ സംബന്ധിച്ച വിവരവും ജില്ലാതലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നികുതി കുടിശ്ശിക ഈടാക്കുന്നതിനായി 01.07.2011 മുതൽ 31.03.2013 വരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; എത്ര കുടിശ്ശിക തുക പിരിച്ചെടുത്തു; ഓരോ വർഷത്തെയും വിശദാംശം നൽകാമോ; | (ബി) | നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ഹൈക്കോടതിയിൽ ഉള്ള കേസുകൾ അടിയന്തിരമായി തീർപ്പുകൽപ്പിച്ച് നികുതി പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ), ട്രൈബ്യൂണൽ എന്നിവയിൽ സ്റ്റേയിൽ കിടക്കുന്ന കേസുകളും അടിയന്തിരമായി തീർപ്പാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിശ്ശിക അസസ്സ്മെന്റുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. റവന്യൂറിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർമാർക്കും, ഇൻസ്പെക്ടിങ്ങ് അസിസ്റ്റന്റ് കമ്മീഷണർമാർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകി. വാണിജ്യനികുതി ഓഫീസർമാരുടെ സമ്മേളനങ്ങൾ ധനകാര്യമന്ത്രി തലത്തിൽ വിളിച്ചുകൂട്ടി നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള |

-3

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനുപുറമേ 31.3.2005 വരെയുള്ള പൊതുവിൽപന നികുതിനിയമ പ്രകാരമുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ആംനസ്റ്റി സ്കീം പ്രകാരമുള്ള തുടർ നടപടികളും സ്വീകരിച്ചു.<br>1.7.2011 മുതൽ 31.3.2013 വരെ പിരിച്ചെടുത്ത കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1.7.2011 മുതൽ 31.3.2012 വരെ– 98.27 കോടി രൂപ.<br>2012 – 13 - 165.91 കോടി രൂപ. |
| (സി) | 01.07.2011 മുതൽ 31.03.2013 വരെ, എത്ര കുടിശ്ശിക കേസുകൾക്ക് സർക്കാർ സ്റ്റേ നൽകി; എത്ര തുകയ്ക്കാണ് സ്റ്റേ നൽകിയത്; വിശദാംശം ലഭ്യമാക്കാമോ; | (സി) | 01.07.2011 മുതൽ 31.03.2013 വരെ, ലഭ്യമായ വിവരങ്ങൾ അനുസരിച്ച് 830 കേസുകളിലായി 159.32 കോടി രൂപയ്ക്ക് സർക്കാർ സ്റ്റേ നൽകിയിട്ടുണ്ട്. |
| (ഡി) | 01.04.2013 മുതൽ 31.05.2013 വരെ നികുതിയിനത്തിൽ എത്ര കളക്ട് ചെയ്തു; ടാർജറ്റിന്റെ എത്ര ശതമാനമാണ് നിലവിൽ കളക്ട് ചെയ്തത്? | (ഡി) | 1.4.2013 മുതൽ 31.5.13 വരെ നികുതിയിനത്തിൽ 3454.25 കോടി രൂപ കളക്ട് ചെയ്തു. ഇത് ടാർജറ്റിന്റെ 12% ആണ്. |

**സെക്ഷൻ ഓഫീസർ**

2

**അനുബന്ധം**

തിരുവനന്തപുരം 01/07/2011 മുതൽ 31/03/2013 വരെ 18312 കേസുകൾ കണ്ടെത്തി. സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോംപൗണ്ടിംഗ് ഫീ, പെനാൽറ്റി എന്നിവ വഴി 1939.80 ലക്ഷം രൂപ ഈടാക്കി. നികുതി വെട്ടിപ്പ് തടയുന്നതിനായി ചരക്കുസേവന നികുതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ക്വാഡുകൾ വാഹന പരിശോധന കൂടാതെ ചെക്ക് പോസ്റ്റ് ടേക്ക്ഓവർ ചെക്കിംഗ് എന്നിവ നടത്തുകയും കടകൾ, പാർസൽ കൊറിയർ ഏജൻസികൾ, റെയിൽവേ, ടൂറിസ്റ്റ് ബസ്സുകൾ എന്നിവകളിൽ പരിശോധന നടത്തുകയും ചെയ്തു വരുന്നു. ഇപ്രകാരം നടത്തിയ പരിശോധനകളിലൂടെ കണ്ടെത്തിയ കേസുകളിൽ നിന്ന് കോംപൗണ്ടിംഗ് ഫീസ്, സെക്യൂരിറ്റി ഡെപ്പോസിറ്റ്, പെനാൽറ്റി എന്നിവ ഈടാക്കിയിട്ടുണ്ട്. തുക അടയ്ക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികളും സ്വീകരിക്കുന്നുണ്ട്.

കൊല്ലം 01/07/2011 മുതൽ 31/03/2013 വരെ 9585 കേസുകൾ കണ്ടെത്തി. സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോംപൗണ്ടിംഗ് ഫീ, പെനാൽറ്റി എന്നിവ വഴി 1169.39 ലക്ഷം രൂപ ഈടാക്കി.
കട പരിശോധന, ഓഡിറ്റ് വിസിറ്റ്, റിട്ടേൺ സ്ക്രൂട്ടിനി, എന്നിവയിലൂടെ കേസുകൾ കണ്ടെത്തി നികുതിയും, പിഴയും, പിഴപ്പലിശയും ഈടാക്കുന്നുണ്ട്. ആർ.ആർ. നടപടികളും സ്വീകരിച്ചു വരുന്നു.

പത്തനംതിട്ട 01/07/2011 മുതൽ 31/03/2013 വരെ 7029 കേസുകൾ കണ്ടെത്തി. സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോംപൗണ്ടിംഗ് ഫീ, പെനാൽറ്റി എന്നിവ വഴി 76.90 ലക്ഷം രൂപ ഈടാക്കി. നികുതി വെട്ടിപ്പ് കണ്ടെത്തിയ കേസുകളിൽ അസ്സെസ്സ്മെന്റ് തയ്യാറാക്കി നികുതിയും പിഴയും ഈടാക്കിയിട്ടുണ്ട്. തുക അടയ്ക്കാത്തവരിൽ നിന്ന് റവന്യൂ റിക്കവറി നിയമനടപടി പ്രകാരം നികുതിയും പിഴയും ഈടാക്കി വരുന്നു.

ആലപ്പുഴ 01/07/2011 മുതൽ 31/03/2013 വരെ 5889 കേസുകൾ കണ്ടെത്തി. സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോംപൗണ്ടിംഗ് ഫീ, പെനാൽറ്റി എന്നിവ വഴി 637.98 ലക്ഷം രൂപ ഈടാക്കി. നികുതി വെട്ടിപ്പ് തടയുന്നതിനായി റിട്ടേണുകൾ സൂക്ഷ്മപരിശോധന നടത്തുക, 13, 13 എ വാർഷിക റിട്ടേണുമായി സൂക്ഷ്മപരിശോധന നടത്തുക, ആഡിറ്റ് വിസിറ്റ് നടത്തുക, ഒ.ആർ. ഫയലുകളും സി.ആർ ഫയലുകളും തീർപ്പാക്കുക തുടങ്ങിയവ ചെയ്തു വരുന്നു. നികുതി വെട്ടിപ്പ് കണ്ടെത്തിയ കേസുകളിൽ നിന്ന് നികുതിയും പിഴയും പിഴപ്പലിശയും ഈടാക്കിയിട്ടുണ്ട്. തുക അടയ്ക്കാത്തവരിൽ നിന്ന് റവന്യൂ റിക്കവറി നടത്തി വരുന്നു.

കോട്ടയം 01/07/2011 മുതൽ 31/03/2013 വരെ 19882 കേസുകൾ കണ്ടെത്തി. സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോംപൗണ്ടിംഗ് ഫീ, പെനാൽറ്റി എന്നിവ വഴി 789.50 ലക്ഷം രൂപ ഈടാക്കി. റിട്ടേണുകളുടെ സൂക്ഷ്മപരിശോധന, ആഡിറ്റ് വിസിറ്റ്, വാഹന പരിശോധന, കടപരിശോധന, എന്നിവയിലൂടെ കേസുകൾ കണ്ടെത്തി കോംപൗണ്ടിംഗ് ഫീസ്, സെക്യൂരിറ്റി ഡെപ്പോസിറ്റ്, പെനാൽറ്റി എന്നിവ ഈടാക്കുകയും ചെയ്തു. ടി കേസുകളിൽ തുക അടയ്ക്കാത്തവരെ റവന്യൂ റിക്കവറിക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

ഇടുക്കി 01/07/2011 മുതൽ 31/03/2013 വരെ 6141 കേസുകൾ കണ്ടെത്തി. സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോംപൗണ്ടിംഗ് ഫീ, പെനാൽറ്റി എന്നിവ വഴി 496.28 ലക്ഷം രൂപ ഈടാക്കി. നികുതി വെട്ടിപ്പ് തടയുന്നതിനായി വാഹന പരിശോധന, ഷോപ്പ് ഇൻസ്പെക്ഷൻ, ചെക്ക്പോസ്റ്റ് ടേക്ക്ഓവർ, ഓവർചെക്കിംഗ് എന്നിവ നടത്തി കേസുകൾ കണ്ടെത്തി നികുതി, പിഴ, കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി വരുന്നു. നികുതി അടയ്ക്കാത്തവർക്ക് എതിരെ റവന്യൂ റിക്കവറിക്ക് ശുപാർശ ചെയ്തു വരുന്നു.

എറണാകുളം 01/07/2011 മുതൽ 31/03/2013 വരെ 149154 കേസുകൾ കണ്ടെത്തി. സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോംപൗണ്ടിംഗ് ഫീ, പെനാൽറ്റി എന്നിവ വഴി 6070.96 ലക്ഷം രൂപ ഈടാക്കി. നികുതി വെട്ടിപ്പ് തടയുന്നതിനായി വാണിജ്യനികുതി വകുപ്പിന്റെ കീഴിലുള്ള ഇന്റലിജൻസ് സ്ക്വാഡുകൾക്ക് വാഹന പരിശോധന നടത്തുവാനും തെറ്റായ രേഖകൾ അടങ്ങിയ രേഖകൾ കണ്ടെത്തുകയും അനധികൃതമായി കടത്തി കൊണ്ടു വരുന്ന വസ്തുക്കൾ പിടിച്ചെടുക്കുകയും ജാമ്യത്തുക ഈടാക്കി തിരികെ വിട്ടുകൊടുക്കുകയും ചെയ്യുന്നു. നികുതിയും പിഴയും അടയ്ക്കാത്തവരിൽ നിന്ന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് തുക ഈടാക്കുന്നു.

മട്ടാഞ്ചേരി 01/07/2011 മുതൽ 31/03/2013 വരെ 98335 കേസുകൾ കണ്ടെത്തി. സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോംപൗണ്ടിംഗ് ഫീ, പെനാൽറ്റി എന്നിവ വഴി 3334.69 ലക്ഷം രൂപ ഈടാക്കി. പ്രതിമാസ റിട്ടേണുകളുടെ സൂക്ഷ്മ പരിശോധന, ഓഡിറ്റ് വിസിറ്റ് എന്നിവ മുഖേന കേസുകൾ കണ്ടെത്തി അവയുടെ അസ്സസ്മെന്റ് നടത്തി നികുതിയും പിഴയും അടപ്പിക്കുകയും, അടയ്ക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തിട്ടുള്ളതുമാകുന്നു.

തൃശ്ശൂർ 01/07/2011 മുതൽ 31/03/2013 വരെ 34588 കേസുകൾ കണ്ടെത്തി. സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോംപൗണ്ടിംഗ് ഫീ, പെനാൽറ്റി എന്നിവ വഴി 8632.24 ലക്ഷം രൂപ ഈടാക്കി. നികുതി വെട്ടിപ്പ് തടയുന്നതിനായി വാണിജ്യനികുതി വകുപ്പിൽ ഇ -ഫയലിംഗ്, ഇ -പെയ്മെന്റ് എന്നിവ നടപ്പാക്കിയതോടൊപ്പം സ്റ്റാറ്റ്യൂട്ടറി ഫോമുകൾ, ചെക്ക് പോസ്റ്റുകളിലെ എൻട്രി എന്നിവ ഓൺലൈനിലാക്കി. കൂടാതെ ഓഡിറ്റ് വിസിറ്റ്, കട പരിശോധന, റിട്ടേൺ സ്ക്രൂട്ടിനി എന്നിവ കർശനമാക്കി. നികുതി വെട്ടിപ്പ് കണ്ടെത്തിയ കേസുകളിൽ അസ്സസ്മെന്റ്

തയ്യാറാക്കി നികുതിയും പിഴയും പലിശയും ഈടാക്കുന്നു. തുക അടയ്ക്കാത്തവരിൽ നിന്നും റവന്യൂ റിക്കവറി തുടങ്ങിയ നിയമ നടപടി പ്രകാരം തുക ഈടാക്കി വരുന്നു.

പാലക്കാട് 01/07/2011 മുതൽ 31/03/2013 വരെ 238399 കേസുകൾ കണ്ടെത്തി. സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോംപൗണ്ടിംഗ് ഫീ, പെനാൽറ്റി എന്നിവ വഴി 2805.13 ലക്ഷം രൂപ ഈടാക്കി. കണ്ടെത്തിയ കേസുകളിൽ നികുതിയും പലിശയും പിഴയും ചുമത്തിയിട്ടുണ്ട്. ഒഫൻസ് രജിസ്റ്റർ ചെയ്ത കേസുകളിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടുണ്ട്.

മലപ്പുറം 01/07/2011 മുതൽ 31/03/2013 വരെ 12023 കേസുകൾ കണ്ടെത്തി. സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോംപൗണ്ടിംഗ് ഫീ, പെനാൽറ്റി എന്നിവ വഴി 769.96 ലക്ഷം രൂപ ഈടാക്കി. നികുതി വെട്ടിപ്പ് തടയുന്നതിനായി വാഹന പരിശോധന, കടപരിശോധന, ആഡിറ്റ് വിസിറ്റ് എന്നിവ നടത്തി നികുതിയും പിഴയും പിരിച്ചെടുക്കുന്നു.കേസുകൾ അസ്സസ്സ്മെന്റ് നടത്തി ഡിമാന്റ് നോട്ടീസ് അയച്ച് നികുതി ഈടാക്കുന്നു. തുക അടക്കാത്തവരിൽ നിന്നും റവന്യൂ റിക്കവറി ഉൾപ്പെടെ മറ്റ് നിയമനടപടികൾ സ്വീകരിച്ച് തുക ഈടാക്കുന്നു.

കോഴിക്കോട് 01/07/2011 മുതൽ 31/03/2013 വരെ 10595 കേസുകൾ കണ്ടെത്തി. സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോംപൗണ്ടിംഗ് ഫീ, പെനാൽറ്റി എന്നിവ വഴി 1168.12 ലക്ഷം രൂപ ഈടാക്കി. രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികളെ രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവന്നു. ഓഡിറ്റ് വിസിറ്റ് നടത്തി ആവശ്യമായ കേസുകളിൽ സ്ക്രൂട്ടിനി നടത്തുകയും നികുതി അടപ്പിക്കുകയും ചെയ്തു. പിരിഞ്ഞു കിട്ടാനുള്ള തുകയ്ക്ക് റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തു.

വയനാട് 01/07/2011 മുതൽ 31/03/2013 വരെ 9578 കേസുകൾ കണ്ടെത്തി. സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോംപൗണ്ടിംഗ് ഫീ, പെനാൽറ്റി എന്നിവ വഴി 205.49 ലക്ഷം രൂപ ഈടാക്കി. നികുതി വെട്ടിപ്പ് തടയുന്നതിനായി റിട്ടേണുകളുടെ സൂക്ഷ്മപരിശോധന, ആഡിറ്റ് വിസിറ്റ് തുടങ്ങിയവ നടത്തി കേസുകൾ കണ്ടെത്തി നികുതി, പിഴ എന്നിവ ഈടാക്കി വരുന്നു. കേസ്സുകളുടെ അസ്സസ്സ്മെന്റ് തീർപ്പാക്കിയും തുക അടയ്ക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നടത്തി തുക ഈടാക്കി വരുന്നു.

കണ്ണൂർ 01/07/2011 മുതൽ 31/03/2013 വരെ 10809 കേസുകൾ കണ്ടെത്തി. സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോംപൗണ്ടിംഗ് ഫീ, പെനാൽറ്റി എന്നിവ വഴി 351.58 ലക്ഷം രൂപ ഈടാക്കി. ചെക്ക്പോസ്റ്റ്, ഇന്റലിജൻസ് സ്ക്വാഡ് എന്നിവയിലൂടെ നികുതി

വെട്ടിപ്പ് കണ്ടെത്തി നികുതിയും പിഴയും ഈടാക്കി വരുന്നു. നികുതിയും പിഴയും അടയ്ക്കാൻ തയ്യാറല്ലാത്തവരിൽ നിന്നും റവന്യൂ റിക്കവറി ഉൾപ്പെടെ മറ്റ് നിയമനടപടികൾ സ്വീകരിച്ച് തുക ഈടാക്കുന്നു.

കാസറഗോഡ് 01/07/2011 മുതൽ 31/03/2013 വരെ 12490 കേസുകൾ കണ്ടെത്തി. സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോംപൗണ്ടിംഗ് ഫീ, പെനാൽറ്റി എന്നിവ വഴി 664.66 ലക്ഷം രൂപ ഈടാക്കി. നികുതി വെട്ടിപ്പ് തടയുന്നതിനായി റിട്ടേണുകൾ സൂക്ഷ്മപരിശോധന നടത്തിയും ആഡിറ്റ് വിസിറ്റുകൾ, വാഹനപരിശോധന, കടപരിശോധന എന്നിവ നടത്തിയും കേസുകൾ കണ്ടെത്തി നികുതിയും, പിഴയും പലിശയും ഈടാക്കി വരുന്നു. നികുതിയും പിഴയും അടയ്ക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടിക്ക് ശുപാർശ ചെയ്തു വരുന്നു.